©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2023 മാർച്ച് 03<br>03rd March 2023<br>1198 കുംഭം 19<br>19th Kumbham 1198<br>1944 ഫാൽഗുനം 12<br>12th Phalguna 1944 | നമ്പർ<br>No. 763 |

### കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 11/2023/വ്യവ.
**എസ്. ആർ. ഒ. നമ്പർ 287/2023**

*തിരുവനന്തപുരം, 2023 ഫെബ്രുവരി 23*
*1198 കുംഭം 11*
*1944 ഫാൽഗുനം 4.*

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡവും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടിക II-ൽ പറഞ്ഞിട്ടുള്ള, മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പയ്യനാട് വില്ലേജിലെ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 592.0615 ആർ ഭൂമി സംസ്ഥാനത്തെ ഒരു വ്യവസായ

പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത പ്രദേശത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ എന്നിവ വേഗത്തിൽ നൽകുന്നതിനായി പ്രസ്തുത പ്രദേശത്തിനുവേണ്ടി താഴെ പട്ടിക I-ൽ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് "പയ്യനാട് ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ്" എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുകയും ചെയ്യുന്നു, അതായത്:—

<u>പട്ടിക I</u>

(എ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം (വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോമിനി);

(ബി) ജില്ലാ കളക്ടർ, മലപ്പുറം;

(സി) മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം (വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥത അല്ലെങ്കിൽ മേൽനോട്ടം വഹിക്കുന്ന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്);

(ഡി) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ, മലപ്പുറം (വ്യവസായ മേഖലയുടെ നിയുക്ത അധികാര സ്ഥാനം);

(ഇ) ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മലപ്പുറം;

(എഫ്) ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, മലപ്പുറം;

(ജി) ജില്ലാ ഓഫീസർ, നഗര ഗ്രാമാസൂത്രണ വകുപ്പ്, മലപ്പുറം;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം;

(ഐ) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, മലപ്പുറം;

(ജെ) ജില്ലാ ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, മലപ്പുറം;

(കെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്, മലപ്പുറം;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലപ്പുറം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എം) ജില്ലാ ലേബർ ഓഫീസർ, മലപ്പുറം;

(എൻ) ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, മലപ്പുറം;

(ഒ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, മലപ്പുറം;

(പി) സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, മലപ്പുറം;

(ക്യൂ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം;

(ആർ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.

പ്രസ്തുത ആക്ടിന്റെ 5-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് പ്രകാരം മലപ്പുറം ജില്ലാ കളക്ടർ, ബോർഡിന്റെ ചെയർമാനും മലപ്പുറം അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

## പട്ടിക II

*ജില്ല*—മലപ്പുറം. *താലൂക്ക്*—ഏറനാട്.

*വില്ലേജ്*—പയ്യനാട്. *ബ്ലോക്ക് നമ്പർ*—35.

| *ക്രമനമ്പർ* | *സർവ്വേ/റീസർവ്വേ നമ്പർ* | *ഭൂവിസ്തൃതി (ആർ)* |
|---|---|---|
| 1 | 347/8, 348/4, 5, 349/2, 350/3, 356/2, 388/4, 6, 388/1 | 592.0615 |
| | **ആകെ** | **592.0615** |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സുമൻബില്ല, ഐ. എ. എസ്.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശവികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം സംസ്ഥാനത്തെ ഏതു പ്രദേശത്തേയും വ്യാവസായിക പ്രദേശമായി പ്രഖ്യാപിക്കാവുന്നതും ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത പ്രദേശത്തിനുവേണ്ടി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതുമാണ്. അപ്രകാരം മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പയ്യനാട് വില്ലേജിലെ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 592.0615 ആർ ഭൂമി ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുവാനും പ്രസ്തുത പ്രദേശത്തിനുവേണ്ടി ''പയ്യനാട് ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ്'' രൂപീകരിക്കുവാനും കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Industries (B) Department**

## NOTIFICATION

G. O. (P) No. 11/2023/ID. *Dated, Thiruvananthapuram, 23rd February, 2023*

*11th Kumbham, 1198*

*4th Phalguna, 1944.*

**S. R. O. No. 287/2023**

In exercise of the powers conferred by clause (f) of section 2 and sub-section (1) of section 5 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) the Government of Kerala hereby declare an area of 592.0615 Ares of land owned and possessed by Directorate of Industries and Commerce in Payyanad Village in Eranad Taluk in Malappuram District as specified in schedule II below to be an industrial area of the State and constitute a Single Window Clearance Board for the said area to be known as "Payyanad Functional Industrial Estate Single Window Clearance Board" for the purpose of speedy issue of various licenses, clearances or certificates required under various State enactments for setting up and running of enterprises with the following members mentioned in the schedule I below, namely:—

### SCHEDULE I

(a) General Manager, District Industries Centre, Malappuram (Nominee of the Principal Secretary to Government, Industries Department);

(b) District Collector, Malappuram;

(c) Manager, District Industries Centre, Malappuram (Chief Executive of the Agency owning or managing the industrial area);

(d) Assistant District Industries Officer, Malappuram (Designated Authority of Industrial area concerned);

(e) District Officer, Kerala State Pollution Control Board, Malappuram;

(f) District Officer, Electrical Inspectorate, Malappuram;

(g) District Officer, Town and Country Planning Department, Malappuram;

(h) District Medical Officer, Malappuram;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) Deputy Chief Engineer, Kerala State Electricity Board Limited, Malappuram;

(j) District Officer, Factories and Boilers, Malappuram;

(k) Divisional Officer, Department of Fire and Rescue Service, Malappuram;

(l) Divisional Forest Officer, Malappuram;

(m) District Labour Officer, Malappuram;

(n) Deputy Commissioner, State Goods and Service Tax Department, Malappuram;

(o) Executive Engineer, Kerala Water Authority, Malappuram;

(p) Secretary, District Tourism Promotion Council, Malappuram;

(q) General Manager, District Industries Centre, Malappuram;

(r) General Manager, District Industries Centre, Malappuram.

The District Collector, Malappuram shall be the Chairman of the Board and the Assistant District Industries Officer, Malappuram shall be the Convenor of the Board under sub-section (4) of section 5 of the said Act.

SCHEDULE II

*District*— Malappuram. *Taluk*—Eranad.

*Village*—Payyanad. *Block No.*—35.

| *Sl. No.* | *Survey/Resurvey No.* | *Extend of land (In Ares)* |
|---|---|---|
| 1 | 347/8, 348/4, 5, 349/2, 350/3, 356/2, 388/4, 6, 388/1 | 592.0615 |
| | **Total** | **592.0615** |

By order of the Governor,

SUMAN BILLA, I.A.S.,
*Principal Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but intended to indicate its general purport.)

As per clause (f) of section 2 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000), the Government may declare any area in the State to be an industrial area and constitute a Single Window Clearance Board for the said area as per sub-section (1) of section 5 of the said Act. Accordingly, the Government have decided to declare an area of 592.0615 Ares of land owned and possessed by Directorate of Industries and Commerce in Payyanad Village in Eranad Taluk in Malappuram District to be an industrial area of the State and to constitute "Payyanad Functional Industrial Estate Single Window Clearance Board" for the said area.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/